പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1267 13.06.2013 - ൽ മറുപടിക്ക്

ആലപ്പുഴ മെഡിക്കൽ കോളേജിനു മുന്നിൽ

ബസ്ബേ നിർമ്മാണം

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിനു മുന്നിൽ ദേശീയ പാതയിൽ ബസ്ബേ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്റെ അടങ്കൽ തുക എത്ര; കരാറുകാരൻ ആരായിരുന്നു; പ്രവൃത്തിയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ; | (ബി) | അടങ്കൽ തുക 6.9 ലക്ഷം രൂപയാണ്. കരാറുകാരൻ നിസ്സാർ പി.എം., പൊതുമരാമത്ത് കോൺട്രാക്ടർ, പാലക്കൽ, പി.എച്ച്.വാർഡ്, ആലപ്പുഴ ആണ്. റോഡിന്റെ കിഴക്കുവശത്ത് ആവശ്യമായ മണ്ണിട്ട് ഉയർത്തിയ ശേഷം കിഴക്ക വശത്തും, പടിഞ്ഞാറു വശത്തുമായി ആകെ 420$m^2$ വിസ്തൃതിയിൽ മെറ്റൽ ചെയ്ത ശേഷം 20mm ചിപ്പിങ്ങ് കാർപെറ്റ് ചെയ്ത് ബസ്ബേ നിർമ്മിക്കുവാനാണ് കരാർ നൽകിയത്. |
| (സി) | ബസ്ബേ നിർമ്മാണത്തിലെ അഴിമതി, അശാസ്ത്രീയത, അപാകത എന്നിവ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (സി) | പരാതി ലഭിച്ചിട്ടുണ്ട്. പരാതി ലഭിച്ചതിനനുസൃതമായി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ദേശീയപാതാ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ റോഡ് ട്രാൻസ്പോർട്ട് ഓഫീസർ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ സംയുക്ത പരിശോധന നടത്തുകയും പ്രസ്തുത പരാതി അടിസ്ഥാന രഹിതമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | പണി പൂർത്തിയാക്കി കരാറുകാരന് തുക മുഴുവനായും നൽകിയോ; എങ്കിൽ പണി ശരിയായ വിധം നടത്തിയോ എന്ന് പരിശോധിക്കാതെ ബില്ല് മാറി നൽകുന്നതിന് ഉത്തരവാദി കളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | പണി നടത്തിയതിനനുസൃതമായി അളവെടുത്ത് കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഇത് അടങ്കൽ തുകയിൽ നിന്നും അൽപം കുറവാണ്. പണി ആവശ്യമായ രീതിയിൽ പൂർത്തീകരിച്ചതിന് അനുസൃതമായാണ് ബിൽ ജില്ലാ കളക്ടർ മുഖാന്തിരം നൽകിയിരിക്കുന്നത്. ലഭിച്ച തുകയ്ക്കനുസരിച്ചുള്ള പണിയിൽ അഴിമതിയോ അശാസ്ത്രീയതയോ ഇല്ലാത്തതിനാൽ ആരുടെ പേരിലും നടപടി എടുക്കേണ്ട ആവശ്യമില്ല. |
| (ഇ) | ഗതാഗതത്തിന് തടസ്സമുണ്ടാകും വിധം നിർമ്മിച്ചിട്ടുള്ള ബസ്‌ബേ ശാസ്ത്രീയമായി പുനർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന ബസ്‌ബേ മുഖാന്തിരം യാതൊരു വിധ ഗതാഗത തടസ്സവും ഉണ്ടാകില്ല. ബസ്സുകൾ യഥാക്രമം നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് നിർത്തിയാൽ മാത്രം മതി. ആയതിലേക്ക് പോലീസിനെ നിയോഗിക്കാൻ നിർദ്ദേശം നൽകുകയും അതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ